
# ഭക്തിയും ശുദ്ധിയും

(മത്തായി 15:10- 20)

റവ. ഫാ.ജോസഫ് മണവാളൻ



**പശ്ചാത്തലം:** യഹൂദ ക്രിസ്ത്യാനികൾക്ക് ഭൂരിപക്ഷമുള്ള അന്ത്യോക്യൻ സമൂഹത്തിലേക്ക് വിജാതിയരുടെ ഇടയിൽനിന്ന് ക്രൈസ്തവവിശ്വാസം സ്വീകരിച്ച് കടന്നുവന്നവരെ ഉൾക്കൊള്ളുന്നതിൽ ഉണ്ടായ പോരായ്മകളുടെ പശ്ചാത്തലത്തിലാണ് ഈ വചനഭാഗത്തെ വ്യാഖ്യാനിക്കേണ്ടത്. മത്തായിയുടെ സമൂഹത്തിൽ നിലനിന്നിരുന്ന 'വിജാതീയ മിഷൻ' ഏറെ ന്യൂനതകൾ നിറഞ്ഞതായിരുന്നു. പുതുതായി വിശ്വാസം സ്വീകരിച്ച വിജാതീയരെ 'നിയമത്തിലെ ഗൗരവമായ കാര്യങ്ങളായ' സ്നേഹം, നീതി, കരുണ എന്നിവ പഠിപ്പിക്കുന്നതിനുപകരം ആചാരനുഷ്ഠാനങ്ങളുടെ കൃത്യതയും പ്രാധാന്യവുമാണ് അവർ പഠിപ്പിക്കാൻ ശ്രമിച്ചത്. തന്മൂലം യഥാർത്ഥ വിശ്വാസമുള്ള, കരുണയുള്ള, സ്നേഹമുള്ള, ഒരു സമൂഹത്തിനുപകരം അനുഷ്ഠാനങ്ങളിൽ അതീവശ്രദ്ധയും കാർക്കശ്യവും പുലർത്തുന്ന ഒരു സമൂഹം രൂപപ്പെടുന്നു. ഈ പശ്ചാത്തലത്തിൽ ഫരിസേയ മനോഭാവമുള്ള ഒന്നായി സുവിശേഷകർ ഈ സമൂഹത്തെ പരോക്ഷമായി ഈ വചനഭാഗത്തിലൂടെ വിശേഷിപ്പിക്കാൻ ശ്രമിക്കുന്നു.

**പ്രമേയം:** ആന്തരികവും ബാഹ്യവുമായ ശുദ്ധിയാണ് ഇവിടുത്തെ പ്രമേയം.

Scanned with CamScanner

ശുദ്ധിയെ പൂർവികരുടെ പാരമ്പര്യങ്ങളോടു ബന്ധപ്പെടുത്തിയുള്ള (ബാഹ്യമായി) കാഴ്ചപ്പാടും അതിനെ ഒരുവനിൽത്തന്നെ അന്തർലീനമായിരിക്കുന്ന തിന്മയിൽ നിന്നുമുള്ള മോചനവുമായി (ആന്തരികം) കണക്കാക്കുന്ന പക്ഷവും തമ്മിലുള്ള സംഘർഷമാണ് ഇവിടെ കാണുക. ചുരുക്കത്തിൽ, നിയമം അനുശാസിക്കുന്ന അശുദ്ധിയെക്കാളും ഹൃദയത്തിൽ വരുന്ന അശുദ്ധിയിലേക്കാണ് യേശു ശ്രദ്ധ ക്ഷണിക്കുന്നത്. അതായത് യേശുവിന്റെ കാഴ്ചപ്പാടിൽ, ഒരുവനിലുള്ള തിന്മയാണ് അവനെ അശുദ്ധനാക്കുന്നത്.

## വ്യാഖ്യാനം

ഈ വചനഭാഗത്തെ 15-ാം അദ്ധ്യയത്തിന്റെ സമഗ്രതയിലാണ് വിലയിരുത്തേണ്ടത്. ശിഷ്യന്മാർ പൂർവ്വികരുടെ പാരമ്പര്യം, കൈ കഴുകാതെ ഭക്ഷണം കഴിക്കുന്നതിലൂടെ ലംഘിച്ചു എന്നു ഫരിസേയർ ആരോപിക്കുന്നു. ഫരിസേയരുടെ ചോദ്യങ്ങൾക്കടിസ്ഥാനം നിയമഗ്രന്ഥമാണ് (പഞ്ചഗ്രന്ഥി), പ്രത്യേകിച്ച് ലേവ്യരുടെ പുസ്തകം നൽകുന്ന ശുദ്ധിയേയും അശുദ്ധിയേയും കുറിച്ചുള്ള നിയമങ്ങൾ. യേശുവാകട്ടെ പ്രവാചകഗ്രന്ഥങ്ങൾ നിയമത്തിനു നൽകുന്ന വ്യഖ്യാനമാണ് മറുപടിയായി നൽകുക (ഏശ 29:13). കാരണം, നിയമഗ്രന്ഥങ്ങളുടെ യഥാർത്ഥ ചൈതന്യം വ്യാഖ്യാനിക്കുന്നത് പ്രവാചകന്മാരാണ്. അവർ നിയമം ലക്ഷ്യം വയ്ക്കുന്ന നീതിയെ, സ്നേഹത്തെ, കാരുണ്യത്തെ എപ്പോഴും പ്രമേയമാക്കുന്നു (മിക്ക. 6:8; ഹോസി. 6:6; ഏശ. 1:10-17).

യേശുവിന്റെ പ്രതികരണങ്ങൾ ഫരിസേയർക്ക് എപ്പോഴും ഇടർച്ചയ്ക്ക് കാരണമാകുന്നു. കാരണം, യേശുവിന്റെ നിയമവ്യാഖ്യാനങ്ങളും പാരമ്പര്യങ്ങളോടുള്ള മനോഭാവവും യാഥാസ്തിക മതത്തിൽ നിന്നും വളരെ വ്യത്യസ്തമായിരുന്നു. യേശു ഒരുവന്റെ ആന്തരികതലത്തിൽ പരിവർത്തനം ലക്ഷ്യം വച്ചപ്പോൾ മറ്റുള്ളവരെല്ലാം മതാത്മകതയുടെ ബഹ്യപ്രകടനങ്ങളെയാണ് ആത്മീയതയായി പ്രചരിപ്പിച്ചത്. ഒരുപക്ഷേ, ഇതു മനസ്സിലാക്കാനുള്ള ഗ്രഹണശക്തി തന്റെ ശിഷ്യന്മാർക്ക് ഇല്ലാതെ പോയി എന്നുള്ളതാണ് യേശുവിന്റെ ആകുലത.

ഉപമയുടെ വിശദീകരണം ചോദിക്കുന്ന പത്രോസും, അതിനു വ്യാഖ്യാനം നൽകുന്ന യേശുവും മത്തായിയുടെ സുവിശേഷത്തിന്റെ തനിമയാണ്. ഇവിടെ പത്രോസ് സഭാസമൂഹത്തിന്റെ പ്രതീകമാണ്; യേശുവാകട്ടെ പഠിപ്പിക്കുവാനും (റബ്ബി). യേശുവിന്റെ വ്യാഖ്യാനമനുസരിച്ച് മനുഷ്യനെ അശുദ്ധനാക്കുന്നതെല്ലാം അവന്റെ ഹൃദയത്തിൽ നിന്നും പുറപ്പെടുന്നവയാണ് (v.9). ഇവയെല്ലാം തന്നെ പത്തുപ്രമാണങ്ങളിൽപ്പെടുന്നവയാണ്. അതിനാൽ ശുദ്ധിയെ സംബന്ധിക്കുന്ന നിയമങ്ങളേക്കാൾ (ലേവ്യ

Scanned with CamScanner

11-12) ദൈവകല്പനകളുടെ യഥാർത്ഥ ചൈതന്യത്തിലേയ്ക്കാണ് യേശു തന്റെ അനുയായികളുടെ ശ്രദ്ധ ക്ഷണിക്കുക. ഇവയുടെ അടിസ്ഥനമാകട്ടെ സ്നേഹവും നീതിയും കരുണയും.

ഫരിസേയർ പ്രാധാന്യം കൊടുക്കുന്ന പൂർവ്വികരുടെ പാരമ്പര്യങ്ങളുടേയും നിയമങ്ങളുടേയും അടിസ്ഥാനം ലേവ്യരുടെ പുസ്തകമാണ് (11-12). 'ശുദ്ധി' എന്ന പ്രയോഗത്തിലൂടെ ഈ ഗ്രന്ഥം ആഗ്രഹിക്കുന്നത് എല്ലാവരുടേയും വിശുദ്ധിയാണ്. കാരണം, ''നിങ്ങളുടെ ദൈവവും കർത്താവുമായ ഞാൻ പരിശുദ്ധനാണ്, അതിനാൽ നിങ്ങളും പരിശുദ്ധരായിരിക്കുവിൻ'' (19:2). ഇതിലൂടെ വിശുദ്ധിയുടെ ജനകീയവത്ക്കരണമാണ് ദൈവം ആഗ്രഹിക്കുന്നത്. ദൈവം വസിക്കുന്ന ആലയവും ദ്യോതിപ്പിക്കുന്ന വസ്തുക്കൾ മാത്രമല്ല ശുദ്ധമായിരിക്കേണ്ടത്. മറിച്ച്, ജനം മുഴുവൻ, ദേശം മുഴുവൻ, കന്നുകാലികളും വസ്തുക്കളുമുൾപ്പെടെ എല്ലാം വിശുദ്ധമായിരിക്കണമെന്ന് ദൈവം ആഗ്രഹിക്കുന്നു. ലേവ്യരുടെ പുസ്തകം പരിശുദ്ധിയെപ്പറ്റി സംസാരിക്കുമ്പോൾ 'ശുദ്ധി' മാത്രമല്ല അതിനുള്ള മാർഗമായി വിവരിക്കുക. മറിച്ച്, കാരുണ്യം, ദയ, കടം ഇളച്ചുകൊടുക്കുക, പരദേശികൾ വിധവകൾ അനാഥർ എന്നിവരോട് അനുകമ്പയോടെ പെരുമാറുക, എന്നിവയും വിശുദ്ധിയിലേക്കു നയിക്കുന്ന മാർഗ്ഗങ്ങളായി ദൈവം അനുശാസിക്കുന്നു. ഈ കാര്യങ്ങൾ പ്രാവർത്തികമാക്കുന്നതിൽ ഫരിസേയർക്കുള്ള വീഴ്ചയെയാണ് യേശു വിമർശിക്കുന്നത് (മത്താ. 23).

## വിചിന്തനം

**1. വിശുദ്ധി Vs ഭക്തി**: ബാഹ്യമായ ശുദ്ധിയിലൂടെ മാത്രമേ ആന്തരികശുദ്ധി ഉറപ്പാക്കാൻ സാധിക്കൂ എന്ന ചിന്തയാണ് ഫരിസേയ മനസ്സുകളെ നിയന്ത്രിച്ചത്. വേദഗ്രന്ഥത്തിന്റെ ആധികാരികതയിലാണ് അവർ ഇവയെ ബോധ്യങ്ങളായി ഉറപ്പിച്ചതും, അവരുടെ പ്രവർത്തികളെ സ്വയം ന്യായീകരിച്ചതും. ഇതിനോടുള്ള യേശുവിന്റെ നിഷേധത്മക പ്രതികരണം നമ്മിൽ ഉണർത്തേണ്ടത് മതാത്മക ജീവിതത്തിൽ എന്തു വില കൊടുത്തും ഉയർത്തിപ്പിടിക്കേണ്ട നിലപാടുകളും ബോധ്യങ്ങളുമാണ്.

നല്ല ലക്ഷ്യത്തോടെ തുടങ്ങുന്ന പലതും കാലക്രമേണ ദുഷിച്ചതായി മാറുന്നു. മതജീവിതത്തിലെ പലതും (ആചാരങ്ങൾ, അനുഷ്ഠാനങ്ങൾ) ദൈവസാന്നിദ്ധ്യത്തിന്റെ പ്രതീകങ്ങൾ ആയി ഉപയോഗിക്കുന്നതിനുപകരം ഒരുവന്റെ രഹസ്യ ആഗ്രഹങ്ങളും ആവശ്യങ്ങളും പൂർത്തീകരിക്കാനുള്ള ഉപാധികളായി ദുരുപയോഗിക്കപ്പെടുന്നു. വിശുദ്ധിയെക്കാളും ഭക്തിക്ക് പ്രാധാന്യം കൊടുക്കുകയും അതിനെ ആത്മീയതയായി പരിഗണിക്കുന്നവ

Scanned with CamScanner

രുടെ എണ്ണം ഇന്ന് വർദ്ധിച്ചു വരുകയും ചെയ്യുന്നു. ഭക്തിയും വിശുദ്ധിയും തമ്മിലുള്ള വൈരുദ്ധ്യമാണ് 'മതം' ഉയർത്തുന്ന എല്ലാ ഉതപ്പുകളുടെയും അടിസ്ഥാനം. ഭക്തി മാത്രമുള്ളവരാണ് ലോകത്തെ നടുക്കുന്ന ഭീകരരും വർഗീയവാദികളും. ഭക്തിയുടെ മറവിലാണ് ക്രിസ്തു ചൂണ്ടികാണിക്കുന്ന അനാചാരങ്ങൾ പലതും അരങ്ങേറുന്നത്. അതിനാൽ വിശുദ്ധിയില്ലാത്ത എല്ലാ ഭക്താനുഷ്ഠാനങ്ങളേയും ദൈവം വെറുക്കുന്നു (ഏശ. 1:11-15). ഇവിടെ നാം ലക്ഷ്യം വയ്ക്കേണ്ടത് ഭക്തിയിലൂടെ വിശുദ്ധിയിലേയ്ക്കുള്ള മുന്നേറ്റമാണ്.

**2. വിശുദ്ധിയുടെ ജനകീയവത്ക്കരണം:** ലേവ്യരുടെ പുസ്തകം മുന്നോട്ടു വയ്ക്കുന്ന 'വിശുദ്ധിയുടെ ജനകീയവത്ക്കരണം' വിശ്വാസ സമൂഹങ്ങൾ ഏറെ പ്രാധാന്യത്തോടെ സ്വീകരിക്കേണ്ടതാണ്. സഭയുടെ പൂർണതയുടെ അടിസ്ഥാനം ഏതാനും വ്യക്തികളുടെ മാത്രം വിശുദ്ധിയല്ല, മറിച്ച്, ഓരോ അംഗത്തിന്റെയും വിശുദ്ധിയാണ്. ഇടവക തിരുന്നാളുകൾ, ബൈബിൾ കൺവെൻഷനുകൾ, നൊവേനകൾ എന്നിവയുടെ പ്രചരണാർത്ഥം നല്കുന്ന പരസ്യങ്ങൾ കണ്ടാൽ വിശുദ്ധിയുടെ കുത്തക തങ്ങൾക്കു മാത്രമാണെന്ന് മാലോകരെ ബോധ്യപ്പെടുത്താൻ ശ്രമിക്കുന്നതുപോലെ തോന്നിപ്പോകുന്നു. ഇത് ഒരു തരം ഭക്തിയുടെ അതിഭാവുകത്വമാണ്. ഇതിനപ്പുറത്തേയ്ക്ക് ചിറകു വിരിക്കുന്നതായിരിക്കണം ശുദ്ധമായ ആത്മീയത. ദൈവത്തിന്റെ വിശുദ്ധിയിൽ പങ്കുപറ്റാനുള്ള ക്ഷണം എല്ലാവർക്കുമുള്ളതാണ്. വ്യക്തികളുടെ വിശുദ്ധി കുടുംബത്തേയും, കുടുംബങ്ങളുടെ വിശുദ്ധി ഇടവകയെയും, ഇടവകകളുടെ വിശുദ്ധി നാനാജാതി മതസ്ഥർ അധിവസിക്കുന്ന സമൂഹത്തെയും പരിവർത്തന വിധേയമാക്കുന്ന പുളിമാവാണ്. ഇതിനുവേണ്ടത് ഒന്നുമാത്രം; നീതി, കാരുണ്യം, സ്നേഹം, എന്നീ മൂല്യങ്ങളുടെ മൂർത്തീരൂപങ്ങളാകണം വ്യക്തികളും, കുടുംബങ്ങളും, ഇടവക സമൂഹങ്ങളും!

## പ്രായോഗികതലം

- **ജനകീയമായ ഭക്ത്യാഭ്യാസങ്ങളെ മാത്സര്യത്തിനും പ്രദർശനത്തിനുമുള്ള ഉപാധികളാക്കാതെ എപ്രകാരം വിശുദ്ധിയിലേയ്ക്ക് നയിക്കുന്ന മാർഗങ്ങളാക്കി മാറ്റാം?**
- **നീതി, സ്നേഹം, കാരുണ്യം എന്നീ മൂല്യങ്ങളിൽ അധിഷ്ഠിതമായ വ്യക്തികളെ, കുടുംബങ്ങളെ, ഇടവക സമൂഹങ്ങളെ എപ്രകാരം രൂപപ്പെടുത്താം?**

❑

Scanned with CamScanner

# ദൈവകല്പനകൾ പതിനൊന്ന്!!

റവ.ഡോ. ഫാ. ജിമ്മി പൂച്ചക്കാട്ട്

ഇടവകപ്പള്ളിയിൽ ധ്യാനം നടക്കുകയാണ്. ഒരു അല്മായനാണ് ഈ വർഷത്തെ ധ്യാനത്തിന് നേതൃത്വം കൊടുക്കുക. അദ്ദേഹം എന്തെങ്കിലും ശീശ്മയോ സഭാവിരുദ്ധമോ പറയുമോ എന്ന എന്നിലെ പുരോഹിതന്റെ 'ഉത്കണ്ഠ'കൊണ്ട് ധ്യാനം കേൾക്കാൻ ഞാനും പോയി ഇരിപ്പുറപ്പിച്ചു. തുടങ്ങിയപ്പോൾത്തന്നെ പ്രശ്നമായി. അദ്ദേഹം മൈക്കിലൂടെ ഉറക്കെ വിളിച്ചു പറയുന്നു ദൈവകല്പനകൾ പതിനൊന്നെണ്ണമുണ്ടെന്ന്!

പുറപ്പാടു പുസ്തകത്തിലെ 19-ാം അദ്ധ്യായത്തിൽ ദൈവം മോശ വഴി കൊടുത്തയക്കുന്ന പ്രമാണങ്ങൾ നമുക്ക് മനഃപാഠമാണ്. പിന്നെ ഏതാണ് ഈ പതിനൊന്നാം പ്രമാണം. ഇത് കൊടുത്തയച്ചത് മറ്റൊരാൾ വഴിയാണ ത്രെ!! ആദ്യ പത്തുപ്രമാണങ്ങൾ ദൈവം മോശയുടെ കൈവശം കൊടുത്ത യച്ചു എങ്കിൽ പതിനൊന്നാം പ്രമാണം ദൈവം തന്റെ പ്രിയ പുത്രനായ യേശുക്രിസ്തുവിന്റെ കയ്യിലാണ് കൊടുത്തയച്ചത്. അതെന്താണ് യേശു കൊണ്ടു വന്ന ആ പ്രത്യേക പ്രമാണം!! ആ പ്രമാണം പഠിപ്പിക്കാൻ ആയി രുന്നു യേശു തന്റെ സമയം കൂടുതലും ഉപയോഗിച്ചത്.

മത്തായി സുവിശേഷം 19:16-22 വാക്യങ്ങളിൽ ധനികനായ യുവാവ് ഈശോയോടു ചോദിച്ചു. എനിക്ക് സ്വർഗ്ഗരാജ്യം ലഭിക്കാൻ ഞാൻ എന്തു ചെയ്യണം? യേശുക്രിസ്തു ദൈവകല്പനകൾ ഓരോന്നും എടുത്ത് അവ നോടു പറഞ്ഞു. പത്തു കല്പനകളും തീർന്നപ്പോൾ യേശു പറഞ്ഞു. നിനക്ക് പരിപൂർണ്ണനാകണമെങ്കിൽ പതിനൊന്നാമത്തെ കല്പനയും പാലിക്കണം. നിനക്കുള്ളതെല്ലാം മറ്റുള്ളവർക്കായി നീ ഉപേക്ഷിക്കണം. പ്രമാണങ്ങളനു സരിച്ചാൽ മാത്രം പോരാ മറിച്ച്, നിന്റെ സമ്പത്ത്-അത് നിനക്കുള്ള അറി വാകാം, ആരോഗ്യമാകാം, കഴിവുകളാകാം-മറ്റുള്ളവന്റെ നന്മയ്ക്കായി ഉപ യോഗിക്കാൻ തയ്യാറായോ എന്നു കൂടി നോക്കിയിട്ടാണ് ദൈവം നിന്നെ പരി പൂർണ്ണതയിലേക്ക് അഥവാ സ്വർഗ്ഗരാജ്യത്തിലേക്ക് പ്രവേശിപ്പിക്കുക.

ലൂക്കാ 16:19-31-ൽ ധനവാന്റെയും ലാസറിന്റെയും സംഭവത്തിൽ ധനവാൻ നരകത്തിൽ പോകാൻ കാരണം ഏതു പ്രമാണം ലംഘിച്ചതുകൊണ്ടാണ്? ആരും സംശയിക്കരുത്, അവൻ ലംഘിച്ചത് പതിനൊന്നാം പ്രമാണമാണ്.

Scanned with CamScanner

തന്റെ അടുക്കളവാതുക്കൽ എച്ചിലിനായി പട്ടികളുമായി കടിപിടി കൂടുന്ന ലാസറിനെ കണ്ടില്ലെന്നു നടിക്കുന്നതിനു പകരം ആ എച്ചിൽതന്നെയെങ്കിലും ആ പാത്രത്തിലാക്കി ലാസറിനു നേരെ നീട്ടാൻ ധനവാൻ തുനിഞ്ഞിരുന്നുവെങ്കിൽ അത് ഒരു വിശാല അർത്ഥത്തിലെങ്കിലും പതിനൊന്നാം പ്രമാണത്തിന്റെ അനുസരണവും അവന്റെ രക്ഷയുടെ കാരണവുമായേനെ.

മത്തായി 21:18-22-ൽ യേശു അത്തിവൃക്ഷത്തെ ശപിക്കുന്ന രംഗം നാം കാണുന്നുണ്ടല്ലോ. എന്താണ് അത്തിവൃക്ഷം ചെയ്ത തെറ്റ്. പതിനൊന്നാം പ്രമാണം പാലിച്ചില്ല എന്നതുതന്നെ! അതിൽ ഫലമുണ്ടായില്ല. നമ്മുടെ മേലും ദൈവം തന്റെ ദൃഷ്ടി പതിപ്പിക്കുമ്പോൾ അവിടുന്നു നോക്കുന്നത് നീ വ്യഭിചാരം ചെയ്തോ, കള്ളസാക്ഷി പറഞ്ഞോ, മോഷ്ടിച്ചോ, കൊലപാതകം ചെയ്തോ എന്നു മാത്രമല്ല, നീ ഫലം പുറപ്പെടുവിച്ചിട്ടുണ്ടോ എന്നു കൂടി അവിടുന്നു ശ്രദ്ധിക്കുന്നു. **നിനക്കുള്ളത് ഇല്ലാത്തവനുമായി പങ്കു വച്ചോ എന്ന്, നിന്റെ മുന്നിൽ വരുന്ന ലാസറുമാരുടെ കരച്ചിൽ കേട്ട് നീ ഫലം പുറപ്പെടുവിച്ചോ എന്ന്.**

മത്തായി 25:31-46-ലെ അവസാനവിധി പതിനൊന്നാം പ്രമാണത്തിനു മാത്രം പ്രാധാന്യം കൊടുത്തുകൊണ്ടുള്ള ഒന്നാണ് എന്ന് എങ്ങനെ പറയാതിരിക്കും!! ഫലം പുറപ്പെടുവിക്കാത്തവരെ ഇടതുവശത്തു നിർത്തുന്ന ദൈവനീതി. ആദ്യകൂട്ടരെ സ്വർഗ്ഗത്തിലും രണ്ടാമത്തെ കൂട്ടരെ നരകത്തിലും ആക്കുന്ന വിധിന്യായം യാക്കോബ് 4:17-ൽ പതിനൊന്നാം പ്രമാണത്തെ മറയില്ലാതെ വരച്ചുകാട്ടുകയാണ്. ''ചെയ്യേണ്ട നന്മ ഏതാണെന്നറിഞ്ഞിട്ടും അതു ചെയ്യാത്തവൻ പാപം ചെയ്യുന്നു.''

പ്രിയ വായനക്കാരേ... നിങ്ങൾ പതിനൊന്നാം പ്രമാണം അനുസരിക്കുന്നവരാണോ? പലപ്പോഴും നമ്മുടെ മുമ്പിൽ പത്തു പ്രമാണങ്ങളേ ഉള്ളൂ എന്നത് പരിതാപകരമാണ്. പത്തു പ്രമാണങ്ങളും ഏതാണ്ട് കൃത്യമായി പാലിച്ചതിന്റെ, പാലിക്കുന്നതിന്റെ മേന്മ ഭാവിക്കുന്നവൻ ധനികനായ യുവാവിൽ നിന്നു വ്യത്യസ്ഥനല്ല. അവനിൽ ഒരു കുറവുണ്ടല്ലോ. പതിനൊന്നാം പ്രമാണം അനുസരിക്കാത്തതിന്റെ കുറവ്. **കല്പനകൾ പത്തും നാം പാലിക്കുമ്പോഴും യേശുക്രിസ്തുവഴി ദൈവം തന്ന കല്പന പാലിക്കാതായാൽ നമ്മുടെ അവസ്ഥ ലാസറിനെ കാണാത്ത ധനവാനിൽ നിന്ന് വ്യത്യസ്ഥമാകണമെന്നില്ല!!** ഫലം തരാത്ത അത്തിവൃക്ഷം നമ്മുടെയൊക്കെ പ്രതീകം ആയിക്കൂടെന്നില്ല. അവസാനവിധി ദിവസം നമ്മുടെ സ്ഥാനം ഇടതുവശത്താവില്ല എന്ന് നമുക്ക് ഉറപ്പിക്കാനുമാവില്ല!!

Scanned with CamScanner